






11

പ്രൊഫ. എസ്. രുഗ്മിണി
ഗോപാലകൃഷ്ണൻ

# സംഗീതം രാഷ്ട്രത്തിന്റെ അക്ഷയമായ മൂലധനമാണ്

**മ**നുഷ്യന്റെ ആന്തരിക വികാരങ്ങളെ ആവിഷ്ക്കരിക്കുന്നതിന് പര്യാപ്തമായ, ശ്രേഷ്ഠമായ ഭാഷയാണ് സംഗീതം. ലളിത കലകളിൽ ഉത്കൃഷ്ടം സംഗീതകലയാണ്. മനുഷ്യന്റെ മനസ്സിലെ അഗാധതലങ്ങളിലെ ഭാവങ്ങളെ സംഗീതഭാഷയിലൂടെ മറ്റുള്ളവരിലേക്ക് സംക്രമിപ്പിക്കുവാൻ സംഗീതത്തിന്റെ ഈ കഴിവ് അപരിമിതമാണ്.

ചിത്രകല, ശിൽപം എന്നിവക്ക് ഭാവന നൽകുന്നത് പ്രകൃതിയാണ്. മഴവില്ലിന്റെ വർണ്ണജാലം,സാഗരത്തിന്റെ അനന്തനീലിമ മുതലായ പ്രകൃതി ദൃശ്യങ്ങൾ ചിത്രകാരൻമാർക്ക് ഭാവനയെ ഉദ്ദീപിപ്പിക്കുന്നു. എന്നാൽ സംഗീതത്തിന് ഭാവന നൽകുന്നത് സംഗീതജ്ഞൻ തന്നെയാണ്. സംഗിത കല മനുഷ്യന്റെ അറിവ് കൊണ്ട്മാത്രം പുഷ്ടിപ്പെടുന്ന ഒരുകലയത്രേ.

സംഗീതം അജ്ഞരേയും അഭിജ്ഞരേയും, ബാലരേയും വൃദ്ധരേയും -എന്ത്-പശുപക്ഷികളായ ജീവജാലങ്ങളെപ്പോലും ആകർഷിക്കാൻ ശക്തമാണ്. ഇതിന്റെ ദൈവീക പ്രഭാവം അവർണ്ണനീയമാണ്. സംസ്കൃതത്തെ എന്നപോലെ , സംഗീതത്തെയും ദൈവഭാഷയാണെന്ന് പറയാറുണ്ട് . സംഗീതം മനുഷ്യന്റെ അറിവിനേയും ,അപ്രതിഹത ഭാവനയേയും വളരാൻ സഹായിക്കുന്നു. ശുദ്ധമായ സംഗീതത്തിന്റെ ശ്രവണം മനുഷ്യമനസ്സിനെ പരിശുദ്ധമാക്കുന്നു . അതോടൊപ്പം ഉത്കൃഷ്ടമായ മനുഷ്യത്വത്തെയും ചാഞ്ചല്യരഹിതമായ

ചിന്താശക്തിയെയും പ്രദാനം ചെയ്യുന്നു. മനുഷ്യമനസ്സിലെ വ്യഥകളേയും, ദുഃഖങ്ങളേയും അകറ്റി പരിപൂർണ്ണമായ മനശ്ശാന്തി നൽകാനുള്ള കഴിവ് സംഗീതത്തിന് മാത്രമേയുള്ളൂ എന്ന് പല മഹാൻമാരും ഉദാഹരണപൂർവ്വം നിരൂപിച്ചിട്ടുണ്ട്. വ്യായാമം കൊണ്ട് ശരീരപേശികൾ ഉത്സാഹപൂർവ്വം പ്രവർത്തിക്കുന്നതുപോലെ നല്ല സംഗീതം ശ്രവിക്കുമ്പോൾ ശരീരത്തിലെ ഓരോ ഞരമ്പുകൾക്കും ആരോഗ്യം സിദ്ധിക്കുന്നു.

പണ്ടു കാലത്ത് കലാസ്വാദകരായ രാജാക്കൻമാർ ശ്രേഷ്ഠരായ സംഗീത വിദ്വാന്മാരെ സ്വന്തം രാജസദസ്സുകളിൽ ആസ്ഥാനവിദ്വാൻമാരായി നീയോഗിച്ച് , അവർക്ക് ധനവും സമ്പത്തും നൽകി ബഹുമാനിച്ചിരുന്നു. രാജ്യഭരണം നിർവഹിക്കുന്ന രാജാക്കൻമാർ , ഉന്നതസ്ഥാനങ്ങളിൽ ഉദ്യോഗം വഹിക്കുന്നവർ , ന്യായാധിപൻമാർ, വലിയതൊഴിൽ ഉടമകൾ എന്നിവരെല്ലാം പലവിധപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നിർബന്ധിതരായി തീരാറുണ്ട്. ഇത്തരത്തിലുള്ളവർ തീർച്ചയായും സംഗീതത്തിൽ അഗാധമായ ജ്ഞാനം നേടേണ്ടത് അനുപേക്ഷണീയമായ ഒരു കാര്യമാണ്. എന്തുകൊണ്ടെന്നാൽ ഉന്നതമായ സംഗീതജ്ഞാനമുണ്ടെങ്കിൽ യുക്തിപൂർവ്വം ചിന്തിച്ച് വ്യക്തമായ തീരുമാനം എടുക്കുക സുകരമാണ്. മറ്റേതുകല അഭ്യസിച്ചില്ലെങ്കിലും ഒരുവൻ മോക്ഷത്തിനർഹനാകേണമെങ്കിൽ ആവശ്യം സംഗീതകല അഭ്യസിച്ചിരിക്കണമെന്നത്രേ മഹത്പ്രവചനം

ശ്രീരാമന് പട്ടാഭിഷേകം നടത്താൻ നിശ്ചയിച്ചസമയം അഗാധമായ സംഗീതജ്ഞാനമുള്ള ശ്രീരാമൻ പട്ടാഭിഷേകത്തിന് അർഹനാണ് എന്ന് വാക്മീകി മഹർഷിരാമായണത്തിൽ സൂചിപ്പിച്ചട്ടുള്ളതിൽ നിന്നുതന്നെ ഒരു ദേശത്തിന്റെ വളർച്ചക്കും ഐക്യത്തിനും സംഗിതം അനുപേക്ഷണീയമാണെന്ന് തെളിവായി പറയപ്പെട്ടിരിക്കുന്നു. സംഗീതം എന്ന ഒരു ദീപം എക്കാലത്തും മങ്ങാത്ത പ്ര



കാശം ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.

ലോകത്തിന്റെ ഐക്യം നിലനിർത്താൻ സംഗീത പര്യപാതമാണ്. സംഗീതത്തെ സൗഹാർദ്ദത്തിന്റെ ഭാഷ എന്നുപോലും വിളിക്കുന്നതിൽ ഔചിത്യകുറവുമില്ല. സംഗീതത്തിന് വ്യക്തിയുടെ ബാഹ്യവും ആന്തരികവുമായ ജീവിതചര്യയെ നല്ലമാർഗ്ഗത്തിലേക്ക് നയിക്കാൻ കഴിയും. സംഗീതത്താൽ മനുഷ്യന്റെ മനുഷ്യത്വത്തെബോധിപ്പിക്കാനും, വളർത്താനും, മൃഗീയവാസനകളെ ഉൻമൂലനം ചെയ്യാനും കഴിയും. സംഗീതം രാജ്യത്തിന്റെ പൊതു സ്വത്താണെന്ന് സധൈര്യം പറയാം.

സംഗീതത്തിന് ജാതി, മതം എന്നീ ഭേദങ്ങളില്ല. സംഗീതവിദ്വാൻമാർ ലോക സഹോദര സംഘടനയിലെ അംഗങ്ങളാണെന്നു പറയുന്നതിൽ തെറ്റില്ല . തങ്ങൾചെല്ലുന്നിടത്തെല്ലാം സമാധാനത്തെ പരത്തുന്ന ഇവർ സമാധാന സന്ദേശവാഹകരാണ്. ലോകത്തെ എല്ലാജനങ്ങളും സംഗീതത്തെ യഥാതഥം ഗ്രഹിച്ചു പഠിച്ചാൽ ലോകത്തിൽ കുറ്റകൃത്യങ്ങൾ കുറയുകയും തദ്വാര ഭൂമുഖത്ത് സകലർക്കും സന്തോഷം ലഭിക്കുകയും ചെയ്യുമെന്ന് അസന്നിഗ്ധം പറയാം

ഒരു സഭയിൽ നടക്കുന്ന സംഗീതകച്ചേരിയോ റേഡിയോസംഗീതകച്ചേരിയോ ശ്രവിക്കുന്ന ശ്രോതാവ് മാനസിക മൗഢ്യത്തിൽ നിന്നും വിശ്രമരഹിതമായ അധ്വാനത്തിൽ നിന്നും മുക്തനാകുമെന്നതിൽ സംശയമില്ല.

യാജ്ഞവൽക്യൻ , കൺഫ്യൂഷിയസ് , പ്ലാറ്റോ മുതലായ മഹാൻമാർ സംഗീതത്തിന്റെ പ്രാധാന്യത്തെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സംഗീതം ഈശ്വര സാക്ഷാത്കാരത്തിനുള്ള അനായാസവും ശാന്തവുമായ, ഒരു മാർഗ്ഗമാകുന്നു. സ്മൃതികളിൽ സംഗീതത്തിന്റെ മഹത്വം ഉച്ചൈസ്തരം വാഴ്ത്തപ്പെടുന്നുണ്ട്. ഋഷികൾക്ക് മനഃസംയമനത്തിനും , സന്യാസിമാർക്ക് പ്രായശ്ചിത്തത്തിനും യാജ്ഞവൽക്യനാൽ വിധിക്കപ്പെട്ടിട്ടുള്ളത് സംഗീതമാണ്. വീണവായനയിൽ സമർത്ഥനും ശ്രുതി, ജാതി വിശാരദനും, താളജ്ഞാനം ഉള്ളവനും അനായാസേന മോക്ഷത്തെ പ്രാപിക്കുന്നു എന്ന് യാജ്ഞവൽക്യൻ വർണിച്ചിട്ടുണ്ട്.

വേദകാലം മുതൽ ക്രമേണ അഭിവൃദ്ധിയിലേക്ക് നീങ്ങിയ സംഗീതം രാമായണം, മഹാഭാരതം എന്നീ ഇതിഹാസങ്ങളുടെ കാലം എത്തുമ്പോഴേക്കും പ്രായേണ പൂർണ്ണതയെ പ്രാപിച്ചിരുന്നു എന്നുമനസ്സിലാക്കാം .രാമായണം സംഗീതരൂപത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. ഗാനരൂപേണ രചിക്കപ്പെട്ടതിനാലാണ് രാമായണത്തിനിത്രയും വശ്യത ഉണ്ടായതെന്നാണ് പല മാഹാൻമാരുടേയും അഭിപ്രായം . ലവകുശൻമാർ യാഗശാലയിൽ രാമകഥ ഗാനരൂപേണ അവതരിപ്പിച്ചതായും അവരുടെ സംഗീതത്തിന്റെ ഉത്കർഷം സദസ്സിനെ സ്തബ്ധമാക്കിയതായും. അതിനുശേഷം മാത്രമാണ് അവരുടെ ഗാനലഹരിയിൽ ആറാടിയ ശ്രീരാമൻ അവരെ സ്വന്തം പുത്രൻമാരാണെന്ന് മനസ്സിലാക്കിയതെന്നും രാമായണത്തിൽ കാണുന്നു. ഇത്രയും മഹത്വമുള്ള സംഗീതകലയെ പഠിപ്പിക്കാനും ശ്രവിക്കാനും കഴിഞ്ഞ മനുഷ്യർ ഭാഗ്യവാൻമാരെന്നു പറയുന്നതിൽ സാംശയമില്ല